സാമൂഹ്യ സേവനത്തിലോ മാനേജ്മെന്റിലോ പത്രപ്രവർത്തനത്തിലോ ബഹുജന മാധ്യമപ്രവർത്തനത്തിലോ ഭരണത്തിലോ ഭരണ നിർവ്വഹണത്തിലോ, വിപുലമായ അറിവും അനുഭവജ്ഞാനവും ഉള്ളവരും പൊതുജീവിതത്തിൽ ഔന്നത്യം ഉള്ളവരുമായ വ്യക്തികൾ ആയിരിക്കേണ്ടതാണ്.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ഒരു സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറോ അതത് സംഗതി പോലെ പാർലമെന്റിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ കേന്ദ്രഭരണ പ്രദേശത്തിലെയോ നിയമസഭയിലെ അംഗമായിരിക്കുകയോ ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുകയോ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോട് ബന്ധപ്പെട്ടിരിക്കുകയോ ഏതെങ്കിലും ബിസിനസ് നടത്തിക്കൊണ്ടിരിക്കുകയോ ഏതെങ്കിലും തൊഴിലിൽ ഇടപെടുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്.

ബഹു. സുപ്രീംകോടതി വിവരാവകാശവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിയിൽ ഇൻഫർമേഷൻ കമ്മീഷണർമാരുടെ നിയമനം സുതാര്യമായ രീതിയിലും കൂടുതൽ രീതിയിലും നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഓഫീസുകളിലെ ജോലിഭാരം

23 (3526) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിവിധ വകുപ്പുകളിലേയും ഓഫീസുകളിലേയും ജോലി ഭാരത്തെക്കുറിച്ചും ജോലിയുടെ സ്വഭാവത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ജോലിഭാരമേറിയ ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ജോലിഭാരം ലഘൂകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ലഭ്യമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനത്തിനായി വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് അതാത് വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തിപഠനം നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സെക്രട്ടേറിയറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണവകുപ്പുകൾ ഉൾപ്പെടെ 23 വകുപ്പുകളിൽ ഇത്തരത്തിൽ പഠനം പൂർത്തിയാക്കുകയും 20 എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. നിലവിൽ 9 വകുപ്പുകളുടെ പഠനം നടന്നുവരുന്നു.

(സി&ഡി) പ്രവൃത്തിപഠനത്തിൽ ജോലിഭാരം അധികമാണെന്ന് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനോ, ജോലിഭാരം ലഘൂകരിക്കുന്നതിനോ, ആവശ്യമായ നിർദ്ദേശങ്ങളും, ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്താറുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

മന്ത്രിസഭാതീരുമാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി

24 (3527) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ തീരുമാനം വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്നവർക്ക് നല്കുന്നതിന് തടസ്സമുണ്ടോ ; വ്യവസ്ഥകൾ വിശദമാക്കുമോ ;

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷൻ പ്രസ്തുത വിഷയം സംബന്ധിച്ച നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ ;

(സി) മന്ത്രിസഭാ തീരുമാനം പൊതുജനങ്ങളിൽ നിന്ന് മറച്ചുവയ്ക്കപ്പെടുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ;

(ഡി) മന്ത്രിസഭാ തീരുമാനങ്ങളും സർക്കാർ ഉത്തരവുകളും യഥാസമയം വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ഇ) എങ്കിൽ സർക്കാർ ഉത്തരവുകൾ അപ്രകാരം പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 2005-ലെ വിവരാവകാശ നിയമം 8(1) (i) വകുപ്പ് വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണ് മന്ത്രിസഭാതീരുമാനത്തിന്റെ വിവരം/രേഖ ലഭ്യമാക്കുന്നത്. മന്ത്രിസഭയുടെ തീരുമാനങ്ങളും അവയ്ക്കുള്ള കാരണങ്ങളും ആ തീരുമാനങ്ങളെടുക്കുന്നതിന് ഉപോൽബലകങ്ങളായ വസ്തുതകളെയും തീരുമാനമെടുത്തശേഷം കാര്യം പൂർത്തിയാക്കിയതിനോ കഴിഞ്ഞതിനോ ശേഷവും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly